ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇന്നു് ഇത്തരം അംഗവൈകല്യം വന്നിട്ടുള്ള ആൾക്കാൾക്കു് കാൽവച്ചു കൊടുക്കുന്ന ഏർപ്പാടു് പൂനയിലാണുള്ളതു്. നമ്മുടെ സംസ്ഥാനത്തെ ചില ആളുകൾ തന്നെ പൂനായിൽപോയി കാൽവച്ചു പിടിപ്പിച്ചു് തിരിച്ചുവരുന്ന സമ്പ്രദായമുണ്ടു്. അതുകൊണ്ടു് നമ്മുടെ സംസ്ഥാനത്തുതന്നെ ഇതിനുള്ള ഒരു സ്ഥാപനം ഏർപ്പെടുത്താൻ ഗവണ്മെൻറു് വേഗത്തിൽ നടപടി എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനുവേണ്ടിയാണു് ഈ സെൻറർ ആരംഭിക്കുന്നതു്. അതിനാവശ്യമായ എസ്റ്റിമേറ്റു് അപ്രൂവു ചെയ്തു കഴിഞ്ഞിട്ടുണ്ടു്. Staff Sanction ചെയ്തിട്ടു കഴിയുന്ന വേഗത്തിൽ ആരംഭിക്കാൻ ശ്രമിക്കുന്നതാണു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ : വ്യവസായങ്ങളിൽ ഏർപ്പെട്ടു കൈയോ കാലോ പോവുകയാണെങ്കിൽ ഇവിടെ സൗജന്യമായി ആർട്ടിഫിഷ്യലായിട്ടു് വച്ചുകൊടുക്കാനുള്ള വല്ല ശ്രമവും നടത്തിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അതു് ലേബർ മിനിസ്റ്റർ പറയേണ്ട കാര്യമാണു്.

ക്ഷയരോഗികൾക്കു് ധനസഹായം

* 848 [14] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) രോഗചികിത്സയ്ക്കു് സഹായം നൽകുവൻ ആവശ്യപ്പെട്ടുകൊണ്ടു് എത്ര ക്ഷയരോഗികൾ ഹർജി അയച്ചിട്ടുണ്ടു് ;

(ബി) എത്ര പേരുടെ ഹർജിപ്രകാരം സഹായം നൽകി ;

(സി) ഡിസ്പെൻസറി അടിസ്ഥാനത്തിൽ കണക്കുപറയാമോ ;

(ഡി) ഗവണ്മെൻറു് തുടങ്ങിയ ക്ഷയരോഗനിവാരണ ഫണ്ടിൽ എത്ര സംഖ്യ പിരിഞ്ഞുകിട്ടി ?

Mr. Speaker : Question number 14. A Similar question has already been answered.

Shri E. P. Gopalan : Part '(d)' is new and may be answered.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(ഡി) ക്ഷയരോഗ ഫണ്ടു് എന്ന പേരിൽ ഒരു ഫണ്ടു് തുടങ്ങിയിട്ടില്ല.

സംശയകരമായ മരണങ്ങളെപ്പറ്റിയുള്ള പരാതികൾ

* 849. [15] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-ൽ എത്ര 'സംശയകരമായ' മരണങ്ങളെപ്പറ്റിയുള്ളപരാതികൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടു് ;

(ബി) അന്വേഷണത്തിൽ ഇതിൽ എത്ര എണ്ണം കൊലപാതകങ്ങളാണെന്നു തെളിഞ്ഞിട്ടുണ്ടു് ;

(സി) കുളത്തുപ്പുഴ സ്റ്റേഷനതിർത്തിയിലുള്ള കല്ലുവെട്ടാംകുഴി എന്ന സ്ഥലത്തു് ഒരു ബാലൻ മരണപ്പെട്ടതിനെപ്പറ്റി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അന്വേഷണഫലമെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly